**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 257** **04-10-2021 - ൽ മറുപടിയ്ക്ക്**

**ഏലയ്ക്ക വാങ്ങിയതിലെ ക്രമക്കേട് സംബന്ധിച്ച ആക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഓണക്കിറ്റിലേക്ക് ഏലയ്ക്ക വാങ്ങിയതിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ എട്ട് കോടിയുടെ അഴിമതിയുണ്ടെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കിറ്റിൽ ഉൾപ്പെടുത്തിയ സാധനങ്ങൾ വാങ്ങിയത് സംബന്ധിച്ച് ക്രമക്കേടുകളൊന്നും രേഖാമൂലം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സൗജന്യ ഭക്ഷ്യക്കിറ്റിൽ ഉൾപ്പെടുത്തിയ സാധനങ്ങൾ സുതാര്യമായ ഇ-ടെണ്ടർ മുഖേനയും കൂടാതെ കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ച് ഡിപ്പോ മാനേജ്മെന്റ് കമ്മിറ്റി (DMC) മുഖേന കുടുംബശ്രീ, സഹകരണ സംഘങ്ങൾ, കൺസ്യൂമർഫെഡ്, റെയ്ഡ്കോ മറ്റ് വിതരണക്കാർ മുതലായവരിൽ നിന്നുമാണ് സപ്ലൈകോ വാങ്ങിക്കുന്നത്. |
| (ബി) | സഹകരണ സംഘങ്ങളെയും കർഷകരെയും ഒഴിവാക്കി നിലവാരം കുറഞ്ഞ ഏലയ്ക്ക ഇടനിലക്കാരിൽ നിന്നും ഉയർന്ന വിലയ്ക്ക് വാങ്ങാൻ ഉണ്ടായ സാഹചര്യം വിശദമാക്കാമോ; | (ബി) | കേരളത്തിലെ ഏലക്ക ഉത്പാദകർക്കും, വിതരണക്കാർക്കും, മാത്രം ടെൻഡറിൽ പങ്കെടുക്കാം എന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ചുകൊണ്ട് ഇ-ടെൻഡർ മുഖേന സുതാര്യമായ നടപടികളിലൂടെ ഏറ്റവും കുറഞ്ഞ നിരക്കിൽ സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ളവരിൽ നിന്നുമാണ് ഏലയ്ക്ക വാങ്ങിയിട്ടുള്ളത്. ഇതു കൂടാതെ കൺസ്യൂമർഫെഡ്, റെയ്ഡ്കോ എന്നീ സർക്കാർ അധീനതയിലുള്ള സഹകരണ സ്ഥാപനങ്ങളിൽ നിന്നുമാണ് ഏലയ്ക്ക വാങ്ങിയിട്ടുള്ളത്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് ടെൻഡർ നടപടികൾ വൈകിയതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (സി) | ടെൻഡർ നടപടികൾ സ്വീകരിക്കുവാൻ വൈകിയിട്ടില്ല. 19-07-21 ലെ സ.ഉ (സാധാ)നം.296/2021/ഭ.പൊ.വി.വ ഉത്തരവ് പ്രകാരമാണ് കിറ്റിൽ ഉൾപ്പെടുത്തേണ്ട ഇനങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ നേരത്തെ സർക്കാർ തലത്തിൽ നടത്തിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ 15-07-2021ൽ തന്നെ ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. ഇ-ടെൻഡർ നിബന്ധന പ്രകാരമുള്ള ഏറ്റവും കുറഞ്ഞ കാലയളവായ 7 ദിവസം മാത്രമാണ് ടെൻഡർ സമർപ്പിക്കുവാൻ നൽകിയിട്ടുള്ളത്. |
| (ഡി) | ഏലയ്ക്ക വാങ്ങിയതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ | (ഡി) | കിറ്റിൽ ഉൾപ്പെടുത്തിയ സാധനങ്ങൾ വാങ്ങിയത് |

| | | | |
|---|---|---|---|
| | അന്വേഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | സംബന്ധിച്ച് ക്രമക്കേടുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏലയ്ക്കയുടെ ഗുണമേന്മയുമായി ബന്ധപ്പെട്ട് ലഭിച്ച പരാതി അന്വേഷണത്തിനായി പൊതുവിതരണ വകുപ്പ് ഡയറക്ടേറ്റിലെ വിജിലൻസ് വിംഗിന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ